# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5128** **27.06.2019-ൽ മറുപടിക്ക്**

**<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ ആരോഗ്യവകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭിച്ച തുക എത്രയെന്നും ഇതിൽ സംസ്ഥാന വിഹിതം എത്രയെന്നും ഈ വർഷങ്ങളിൽ ചെലവഴിക്കാത്ത തുക നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കുമോ;

(എ)

| വർഷം | ആകെ തുക | കേന്ദ്ര വിഹിതം (രൂപ കോടിയിൽ) | സംസ്ഥാന വിഹിതം (രൂപ കോടിയിൽ) | മുൻ വർഷം ചെലവാക്കാത്ത തുകപ്രസ്തുത വർഷം അധികം അനുവദിച്ചു കിട്ടിയത് |
|---|---|---|---|---|
| **<u>2016-17</u>** പദ്ധതി അടങ്കൽ തുക | 506.41 | 304.21 | 202.2 | 62.23 |
| ലഭിച്ച തുക | 578.11 (മുൻ വർഷത്തെ ബാക്കി ലഭിക്കാനുള്ള തുക ഉൾപ്പെടെ) | 275.31 | 302.8 (മുൻ വർഷത്തെ ബാക്കി ലഭിക്കാനുള്ള തുക ഉൾപ്പെടെ) | |
| **<u>2017-18</u>** പദ്ധതി അടങ്കൽ തുക | 530.88 | 318.53 | 212.35 | 106.51 |
| ലഭിച്ച തുക | 561.95 | 303.84 | 258.11 | |
| **<u>2018-19</u>** പദ്ധതി അടങ്കൽ തുക | 955.317 | 573.19 | 382.17 | 127.99 |

| | | | |
|---|---|---|---|
| | | | ലഭിച്ച തുക \| 1009.78 \| 797.07 (മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ) \| 212.71 \|<br><br>ചെലവഴിക്കാത്ത തുക അടുത്ത വർഷങ്ങളിൽ നൽകുന്ന പദ്ധതികളിൽ അനുവദിച്ച തരുന്നതിനാൽ തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നില്ല |
| (ബി) | പ്രസ്തുത പദ്ധതികൾ കൃത്യമായി നടപ്പിലാകാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | എൻ.എച്ച്.എം.-ന് ഫണ്ട് ലഭിക്കാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല |
| (സി) | മേപ്പടി വർഷങ്ങളിൽ കൃത്യമായി പ്രൊപ്പോസലുകൾ നൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | എല്ലാ വർഷവും ജനുവരി - ഫെബ്രുവരി മാസങ്ങളിൽ പ്രൊപ്പോസൽ നൽകുകയും ആയതിൻപ്രകാരം അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വളാഞ്ചേരി നഗരസഭയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ആരോഗ്യകേന്ദ്രം അനുവദിക്കണമെന്നുള്ള വിഷയത്തിൽ എൻ.യു.എച്ച്.എം. സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ അർബൻ ഹെൽത്ത് മിഷന്റെ ഭാഗമായി ഒരു നഗരത്തെ ഉൾപ്പെടുത്തി അവിടെ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം (UPHC) സ്ഥാപിക്കണമെങ്കിൽ കുറഞ്ഞത് അൻപതിനായിരം ജനസംഖ്യ ഉണ്ടായിരിക്കണം (ജില്ലാ ആസ്ഥാനമായ നഗരങ്ങളിൽ കുറഞ്ഞത് മുപ്പതിനായിരവും). 2011-ലെ കാനേഷുമാരി അനുസരിച്ചാണ് ഈ പദ്ധതിക്കായി ജനസംഖ്യ പരിഗണിക്കുന്നത്. എന്നാൽ മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ ജനസംഖ്യ (2011) 40318 ആയതിനാൽ ഈ നഗരസഭാ പ്രദേശത്ത് നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം അനുവദിച്ച കിട്ടാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ മഞ്ചേരിയിൽ രണ്ടെണ്ണം |

| | | | |
|---|---|---|---|
| | | | അടക്കം മലപ്പുറം ജില്ലയിലെ മറ്റ 11 നഗരങ്ങളിലും ഈ പദ്ധതിയുടെ ഭാഗമായി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | നാഷണൽ അർബൻ ഹെൽത്ത് മിഷൻ, ഈ വർഷത്തെ പദ്ധതിയിൽ വളാഞ്ചേരി നഗരസഭയിൽ പുതിയ ആരോഗ്യകേന്ദ്രം അനുവദിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എൻ.യു.എച്ച്.എം. ഡയറക്ടറേറ്റിലെ ഫയലിന്റെ വിവരം ലഭ്യമാക്കുമോ? | (ഇ) | നാഷണൽ അർബൻ ഹെൽത്ത് മിഷന്റെ ഈ വർഷത്തെ പദ്ധതിയിൽ വളാഞ്ചേരി നഗരസഭയിൽ പുതിയ ആരോഗ്യകേന്ദ്രം അനുവദിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**